പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4460 25/06/2019 മറുപടിയ്ക്ക്

# വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥികൾക്ക് താങ്ങാനാവാത്ത ഭാരമുള്ള ബാഗുമായി വിദ്യാർത്ഥികൾ സ്കൂളിൽ പോകുന്നതും വാഹനങ്ങളിൽ യാത്ര ചെയ്യുന്നതിനും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും ബാഗിന്റെ അമിതഭാരം കുട്ടികളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഉണ്ടെങ്കിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനായി വിദ്യാർത്ഥികളുടെ വലിയ ടെക്സ്റ്റ് പുസ്തകങ്ങൾ മൂന്നോ നാലോ ഭാഗങ്ങളാക്കി വിഭജിക്കുന്നതിനും, എൺപതോ നൂറോ പേജുള്ള നോട്ട് പുസ്തകങ്ങൾ വാങ്ങാൻ നിർദ്ദേശിക്കുകയും ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ 3 ഭാഗങ്ങളായി അച്ചടിച്ചാണ് വിതരണം ചെയ്തു വരുന്നത്. കൂടാതെ ചെറിയ നോട്ട് ബുക്കുകൾ വാങ്ങി ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും, കുട്ടികൾക്ക് കുടിക്കുന്നതിനായി തിളപ്പിച്ച് ആറ്റിയ വെള്ളം സ്കൂളുകളിൽ തന്നെ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ